(ഡി) പ്രസ്തുത സ്ഥാപനം തുടർന്നു പ്രവർത്തിക്കുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ ലേബർ ഓഫീസർ അനുരഞ്ജന സമ്മേളനങ്ങൾ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വൈദ്യുതി പ്രസരണ നഷ്ടം

50 (885) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എളംമരം കരീം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തു പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടം മൂലം പാഴായിപ്പോകുന്നുണ്ട് ;

(സി) പ്രസരണ നഷ്ടം ഇല്ലാതാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ആവശ്യമായ പുതിയ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) കൂടുതൽ സബ്സ്റ്റേഷനുകളും പുതിയ ലൈനുകളും നിർമ്മിച്ച് പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ 220 കെ.വി, 110 കെ.വി, 66 കെ.വി. സബ്സ്റ്റേഷനുകളും അതിനോടനുബന്ധിച്ച ലൈനുകൾ സ്ഥാപിച്ചും, നിലവിലുള്ള ശേഷി കുറഞ്ഞ സബ്സ്റ്റേഷനുകളുടേയും, ലൈനുകളുടേയും ശേഷി വർദ്ധിപ്പിച്ചും, വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ ലോഡ് ഫ്ളോ പഠനം നടത്തി 33 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കാനുള്ള പണികൾ നടന്നു വരുന്നു. നിലവിലുള്ള ശേഷി കുറഞ്ഞ ട്രാൻസ്മിഷൻ ലൈനുകൾ മാറ്റി കൂടുതൽ ശേഷിയുള്ള ലൈനുകൾ സ്ഥാപിക്കുക വഴി പ്രസരണ നഷ്ടം കുറയ്ക്കുവാൻ കഴിയുന്നുണ്ട്.

(ബി) 1998-99 വർഷത്തിൽ സംസ്ഥാനത്ത് പ്രസരണ വിതരണ നഷ്ടം 1,981.2 ദശലക്ഷം യൂണിറ്റായി കണക്കാക്കിയിട്ടുണ്ട്. പ്രതിദിന നഷ്ടം ശരാശരി ഏകദേശം 5.42 മീ. യൂണിറ്റ് ആണ്.

(സി) കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള നടപടികൾക്കു പുറമേ 200 എം.വി.എ.ആർ കപ്പാസിറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനു പുറമെ 350 എം.വി.എ. ആർ കപ്പാസിറ്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) സാങ്കേതിക പഠനത്തിന്റെയും അതിനുമേലുള്ള റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമാണെന്ന് കാണുന്ന സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ്

51 (886) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവും വൈദ്യുതി ബോർഡിന്റെ ഉത്തരവും എന്ന് പ്രസിദ്ധീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി ബോർഡ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ബോർഡിലെ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഓരോ ലാഭകേന്ദ്രത്തിന്റെയും ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; ഈ ഓരോ ലാഭകേന്ദ്രവും എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ;

(ഡി) കോർപ്പറേറ്റ് ഓഫീസ് ലാഭം ഉണ്ടാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് 27-4-2000-ലും, ബോർഡ് ഉത്തരവ് 29-4-2000 -ലും പുറപ്പെടുവിച്ചു.

(ബി) ഗവൺമെന്റ് ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ബോർഡ് ഉത്തരവ് ഉണ്ടായത്. പുനഃസംഘടന സംബന്ധിച്ച നടപടികൾ രൂപീകരിക്കുന്നതിൽ തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ ഉൾപ്പെട്ടിരുന്നു. തൊഴിലാളി സംഘടനാ പ്രതിനിധികൾക്കൂടി ഉൾപ്പെട്ട കർമ്മ സമിതികളുടെ റിപ്പോർട്ടിലെ ആശയങ്ങൾ ഉൾക്കൊണ്ടാണ് ഗവൺമെന്റ് ഉത്തരവും, ബോർഡ് ഉത്തരവും പുറപ്പെടുവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly